7. കയറ്റുമതി പ്രോത്സാഹിപ്പിക്കുവാൻ സബ്സിഡി

8. ഫാക്ടറി ടൈപ്പ് പ്രാഥമിക കൈത്തറി സഹകരണസംഘങ്ങൾ പുനരുദ്ധരിക്കുന്നതിന് സഹായം

9. കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് പ്രചരണം.

10. റിവൈവൽ, റീഫോം, റീസ്ട്രക്ചറിംഗ് പാക്കേജ് വഴി സംഘങ്ങൾക്ക് സാമ്പത്തിക സഹായം.

(ഡി) ഉണ്ട്. കൈത്തറി ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി വിദേശരാജ്യങ്ങളിൽ നടക്കുന്ന പ്രദർശനങ്ങളിൽ പങ്കെടുക്കുന്നതിന് സംഘങ്ങൾക്ക് അവസരം ഒരുക്കിക്കൊടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ജർമ്മനിയിൽ വച്ച് സംഘടിപ്പിച്ച ഹെംടെക്സ്റ്റൽ എക്സിബിഷനിൽ രണ്ടുതവണയായി ഹാന്റക്സ്, ഹാൻവീവ്, 5 പ്രാഥമിക കൈത്തറി സംഘങ്ങൾ എന്നിവ പങ്കെടുത്തിട്ടുണ്ട്. കേരളത്തിനുപുറത്ത് ജയ്പൂർ ഫെസ്റ്റ്, ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയർ, ഇന്ത്യ ഇന്റർനാഷണൽ ഹാന്റ്വോവൺ ഫെയർ, ബാംഗ്ലൂർ ഫെസ്റ്റ് എന്നീ പ്രദർശനങ്ങളിൽ കേരളത്തിന്റെ തനതായ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാനും അതുവഴി വിപണി വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. കേരളത്തിന്റെ തനതു കൈത്തറി ഉൽപ്പന്നങ്ങളായ കുത്താമ്പുള്ളി സാരികൾ, ബാലരാമപുരം സാരികൾ, കാസർഗോഡ് സാരികൾ, ചേന്ദമംഗലം സെറ്റുമുണ്ടുകൾ, കണ്ണൂർ ഫർണിഷിംഗ് മെറ്റീരിയൽ എന്നിവയ്ക്ക് വിദേശ വിപണി ലക്ഷ്യമാക്കി ഭൗമസൂചിക നിലവാരം ലഭ്യമാക്കിയിട്ടുണ്ട്.

റെയിൽവെ മേഖലയിലെ പ്രഖ്യാപിത പദ്ധതികൾ

11 (*41) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. എം. എ. ബേബി:
ശ്രീ. എം. ചന്ദ്രൻ:
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽവേ മേഖലയിൽ സംസ്ഥാനത്ത് പ്രഖ്യാപിച്ച് നടപ്പിലാക്കാത്ത പദ്ധതികളെ കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രഖ്യാപിത പദ്ധതികൾ നടപ്പിലാവാത്തതിന് സംസ്ഥാനം നിർവ്വഹിക്കേണ്ടിയിരുന്ന കാര്യങ്ങൾ യഥാസമയം ചെയ്തു നൽകാതിരുന്നത് കാരണമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) നാമമാത്ര കാര്യങ്ങൾ പ്രഖ്യാപിക്കുകയും അത് പോലും പ്രാവർത്തികമാക്കാതിരിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം തടയാൻ സർക്കാരിന് സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) ഉണ്ട്. പ്രഖ്യാപിച്ച പദ്ധതികളിൽ നടപ്പാക്കാത്ത പദ്ധതികളുടെ വിവരം അനുബന്ധമായി വച്ചിരിക്കുന്നു.*

(ബി & സി) ആവശ്യത്തിന് ഫണ്ട് റെയിൽവേയിൽ നിന്നും കൃത്യമായി ലഭ്യമാകാത്തതിനാലും ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച തടസ്സങ്ങൾ, അലൈൻമെന്റ് സംബന്ധിച്ച വിഷയങ്ങൾ, നിർമ്മാണ പ്രവൃത്തികൾക്ക് മണ്ണ് എടുക്കുന്നതും കൊണ്ടുപോകുന്നതും സംബന്ധിച്ച് പൊതുജനങ്ങളുടെ എതിർപ്പ്, കോടതി വ്യവഹാരങ്ങൾ തുടങ്ങിയവ റെയിൽവെ വികസനത്തെ ബാധിക്കുന്നതായി വിലയിരുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തിന്റെ റെയിൽവെ ആവശ്യങ്ങൾ സമഗ്രമായി വിലയിരുത്തിയതിൽ റെയിൽവേയുടെ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നതരത്തിൽ വികസനം നടക്കുന്നുവെന്നും ആഗ്രഹിക്കുന്ന രീതിയിലുള്ള വികസനത്തിനായി സംസ്ഥാന സർക്കാരിന്റെ കൂടി സാമ്പത്തിക പങ്കാളിത്തം അനിവാര്യമാണെന്ന് കാണുകയും സംസ്ഥാന സർക്കാർ തെരഞ്ഞെടുക്കുന്ന പദ്ധതികൾക്ക് റെയിൽവേയുമായി 49:51 ഓഹരി വിഹിത ഘടന പ്രകാരമുള്ള കൂട്ടുസംരംഭങ്ങളിൽ ഏർപ്പെടുന്നതിന് സംസ്ഥാനസർക്കാർ തീരുമാനിക്കുകയും അത്തരത്തിലുള്ള ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുകയും ചെയ്തുകഴിഞ്ഞു. വരുന്ന റെയിൽവേ ബഡ്ജറ്റിൽ ഇതുസംബന്ധിച്ച പ്രഖ്യാപനം പ്രതീക്ഷിക്കുന്നു. കൂടാതെ കേരളത്തിലെ ബഹുമാനപ്പെട്ട എം.പി.- മാരുടെയും മറ്റ് ബന്ധപ്പെട്ടവരുടെയും യോഗം ചേർന്ന് കോടിയാലോചിച്ച്, സംസ്ഥാനത്തിന്റെ സമഗ്ര റെയിൽവേ വികസനത്തിന് ആവശ്യമായ എല്ലാ കാര്യങ്ങളും തീരുമാനിച്ച് ക്രോഡീകരിച്ച് തയ്യാറാക്കുന്ന റെയിൽവെ പദ്ധതികൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന മെമ്മോറാണ്ടം എല്ലാ വർഷവും റെയിൽവേ ബഡ്ജറ്റിന് മുമ്പായി കേന്ദ്ര സർക്കാരിന് സമർപ്പിച്ച് വരുകയാണ്. അത്തരത്തിൽ 2016-17-ലെ റെയിൽവേ ബഡ്ജറ്റിൽ പരിഗണിക്കുന്നതിനായി പുതുക്കിയ മെമ്മോറാണ്ടം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് ഇതിനകംതന്നെ സമർപ്പിച്ചു കഴിഞ്ഞു. റെയിൽവേ സംബന്ധിച്ച സംസ്ഥാനത്തിന്റെ സുപ്രധാന ആവശ്യങ്ങൾ അടങ്ങിയ നിവേദനം മുഖ്യമന്ത്രിയും വൈദ്യുതി റെയിൽവേമന്ത്രിയും കേരള എം.പി.-മാരും കൂടി 2015 ഡിസംബർ ആദ്യം പ്രധാനമന്ത്രിയേയും കേന്ദ്ര റെയിൽവേ മന്ത്രിയേയും ഡൽഹിയിൽ സന്ദർശിച്ച് പ്രത്യേകം സമർപ്പിക്കുകയുണ്ടായി.

ഇ-ഗവേണൻസ്

12 (*42) ശ്രീ. എ. റ്റി. ജോർജ്:
ശ്രീ. എം. എ. വാഹീദ്:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly